**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗസംരക്ഷണ-ക്ഷീര മേഖലകളുടെ സമഗ്രമായ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്<br><br>ആധുനിക സാങ്കേതികവിദ്യകളു സഹായത്തോടെയുള്ള വിവരശേഖരണവു അവയുടെ തുടർ വിശകലനം വഴ കർഷകരുടെ ഉൽപാദന ചിലവ് കുറയ്ക്കുവാനു ഉൽപാദനക്ഷമത കൂട്ടുവാനും സാധിക്കും. മൃഗ ചികിത്സാ സേവനങ്ങളും മറ്റനുബന്ധ സേവനങ്ങളും കർഷകർക്കു പൊതുജനങ്ങൾക്കും സമയബന്ധിതമായു ആയാസ രഹിതമായും ലഭ്യമാവുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പ് **"ഇ സമൃദ്ധ"** പദ്ധതി നടപ്പിലാക്കി വരികയാണ് മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക ചെയ്യാനും, ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും, മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റു സേവനങ്ങളെല്ലാം തന്നെ ഒരു വിരൽ തുമ്പിൽ ലഭ്യമാക്കാനും ഉതകുന്ന ഒരു സമ്പൂർണ്ണ അനിമൽ ഹെൽത്ത മാനേജ്മെന്റ് സംവിധാനമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കൂടാതെ, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ഷീര മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കായി വ്യക്തിഗത ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനും ക്ഷീരസംഘങ്ങളിലെ പാൽ സംഭരണവും വിപണനവും കാര്യക്ഷമവും സുതാര്യവു ആക്കുന്നതിനുമായി **"ക്ഷീരശ്രീ പോർട്ടൽ"** എന്ന ഓൺലൈൻ സംവിധാന ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | മൃഗസംരക്ഷണ-ക്ഷീര മേഖലയിലെ കർഷകർക്കായുള്ള ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്<br><br>ഇ-സമൃദ്ധയുടെ ഭാഗമായി വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് സർക്കാർ ആശുപത്രികളിലെ ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ, മൃഗചികിത്സ വിവരങ്ങൾ, മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ സേവനങ്ങൾ മുതലായവ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് ലഭ്യമാക്കാനും കഴിയും. കർഷകർക്കും അരുമ മൃഗങ്ങളുടെ ഉടമകൾക്കും തങ്ങളുടെ മൃഗങ്ങളെ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്ന തരത്തിലാണ് മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | എല്ലാ മൃഗാശുപത്രികളെയും ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷൻ വഴി ബന്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല<br><br>നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, കഴക്കൂട്ടം വെറ്ററിനറി ആശുപത്രി, തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെൻസറി എന്നീ മൃഗാശുപത്രികളിലാണ് ഈ സൗകര്യം ലഭ്യമായിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ഇ-സമൃദ്ധ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള സേവനം കർഷകർക്ക് ലഭ്യമാകും. |
| (ഡി) | ഡോക്ടറുടെ സേവനം മുൻകൂട്ടി ഉറപ്പാക്കുന്നതോടൊപ്പം വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആരോഗ്യ സർട്ടിഫിക്കറ്റ്, ലാബ് റിപ്പോർട്ടുകൾ എന്നിവ ലഭ്യമാകുന്ന സമ്പൂർണ്ണ മൃഗാരോഗ്യ മാനേജ്മെന്റ് സംവിധാനമായി ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷനെ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്<br><br>മൃഗപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് ലഭ്യമാകുന്ന തരത്തിലുള്ള ഒരു സമ്പൂർണ്ണ മൃഗാരോഗ്യ മാനേജ്മെൻറ് സംവിധാനമാണ് ഇ-സമൃദ്ധ പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷൻ വഴി സർക്കാർ മൃഗാശുപത്രികളിലെ ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യുവാനും വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ, മൃഗചികിത്സാ വിവരങ്ങൾ, ലബോറട്ടറി റിപ്പോർട്ടുകൾ, മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ